**File No.SJD/130/2020-G2**

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06/02/2020
Email-swdkerala@gmail.com
Phone-0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് -ക്ഷേമസ്ഥാപനങ്ങളിൽ പഠനാവശ്യവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ സന്ദർശനാനുമതി നൽകുന്നതിനുള്ള - മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സാമൂഹ്യനീതി ഡയറക്ടറുടെ നിർദേശം.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സംസ്ഥാനത്തെ വിവിധ ക്ഷേമ സ്ഥാപനങ്ങളിൽ പഠനം, പരിശീലനം, ഗവേഷണം എന്നിവയ്ക്കായി വിവിധ വിദ്യാഭ്യാസ/ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ഈ കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകളിൽമേൽ അനുമതി ഉത്തരവ് നൽകുന്നത് സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തിനകത്തെ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികൾ , പരിശീലകർ, ഗവേഷകർ എന്നിവർക്ക് സ്ഥാപനങ്ങളിൽ സന്ദർശനാനുമതി നൽകുന്നതിനു അപേക്ഷകൾക്ക് അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.
2. എന്നാൽ സ്ഥാപനത്തിന്റെ തലവൻ / റിസർച്ച് ഹെഡ് മുതലായവരുടെ കത്തില്ലാതെയും അപേക്ഷയുടെ ആധികാരികത പരിശോധിക്കാതെയും സ്ഥാപനങ്ങളിൽ സന്ദർശനാനുമതി നല്കാൻ പാടില്ലാത്തതാണ്.
3. കൃത്യമായ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് അനുമതി നല്കുവാൻ പാടുള്ളൂ. അനുമതി നൽകുന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻ മാനേജ്മെന്റ് മാന്വലിലെ വ്യവസ്ഥകളും പാലിച്ചായിരിക്കേണ്ടതുമാണ് .
4. സ്ഥാപനങ്ങളിലെ താമസക്കാരുടെ വ്യക്തി / കുടുംബ വിവരങ്ങൾ, താമസക്കാരുടെ വീഡിയോ, ഫോട്ടോ എന്നിവ എടുക്കുന്നതിനുള്ള അനുമതി സന്ദർശകർക്ക് നൽകുവാൻ പാടില്ലാത്തതാണ്.
5. സ്ഥാപനങ്ങളിൽ internship ചെയ്യുന്നതിനുള്ള അനുമതി ദീർഘ കാലത്തേക്കുള്ള പഠനം, രാജ്യത്തിനു പുറത്തുനിന്നുള്ളതും സംസ്ഥാനത്തിനു പുറത്തുനിന്നുള്ളതുമായ സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരുടെ അപേക്ഷകൾക്ക് ഡയറക്ടർ തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

ജോയിന്റ് ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർമാർ
യൂണിറ്റ് ഓഫീസർമാർ
ഡയറക്ടറേറ്റിലെ സെക്ഷൻ സൂപ്രണ്ടുമാർ

പകർപ്പ്

1. ഡയറക്ടറുടെ സി.എ
2. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു
3. സ്റ്റോക്ക് ഫയൽ